## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** — **13.06.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2022**

### കൊച്ചി-മംഗാലപുരം ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജോർജ് എം. തോമസ് :** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | കൊച്ചി-മംഗാലപുരം ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി പൂർണ്ണമായി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | ഗെയിലിന്റെ കൊച്ചി-മംഗലാപുരം പൈപ്പ് ലൈനിന്റെ 99% ജോലികളും പൂർത്തിയായി കഴിഞ്ഞു.<br><br>കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈനിൽ പ്രധാനമായും 5 നദികൾക്കു കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണി മാത്രമേ ബാക്കിയുള്ളൂ. നേത്രാവതി നദി (മംഗലാപുരം), ചന്ദ്രഗിരി നദി (കാസർഗോഡ്), ഇരവഴിഞ്ഞി പുഴ, കുറ്റ്യാടി പുഴ, ചാലിയാർ പുഴ (കോഴിക്കോട്) എന്നീ ജലാശയങ്ങളിലെ പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി 2019 ജൂലൈ 31 നകം കമ്മീഷൻ ചെയ്യുവാനാണ് വിഭാവനം ചെയ്യുന്നത്. |
| ബി) | സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രയോജനം ഏതെല്ലാം ജില്ലക്കാർക്ക് ലഭ്യമാകമെന്ന് വ്യക്തമാക്കുമോ; പദ്ധതി പൂർണ്ണമായി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രയോജനം എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ലഭ്യമാകുന്നതാണ്. എറണാകുളം ജില്ലയിൽ സിറ്റി ഗ്യാസ് പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.<br><br>കൊച്ചി-മംഗലാപുരം ഗെയിൽ-വാതക പൈപ്പ് ലൈൻ പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം മാത്രമേ സിറ്റി ഗ്യാസ് പദ്ധതി മറ്റു ജില്ലകളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ